(ഡി) ഇത്തരം സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സഹകാര്യമേഖലയിൽ ഫിനാൻഷ്യൽ എന്റർപ്രൈസസുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. കേരള മണിലെന്റേഴ്സ് ആക്ട്പ്രകാരം ഉള്ള സഹകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉണ്ട്.

(ബി) സഹകാര്യ പണമിടപാട് സ്ഥാപനങ്ങൾ കേരള മണി ലെന്റേഴ്സ് ആക്ടിന്റെ പരിധിയിലാണ് രജിസ്റ്റർ ചെയ്യുക.

(സി) സഹകാര്യ പണിമിടപാടുസ്ഥാപനങ്ങൾ നിയമവിരുദ്ധമായി ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതും പണം കടം കൊടുക്കുന്നതിന് അമിത പലിശ ഈടാക്കുന്നതും തടയുന്നതിന് കേരള മണിലെന്റേഴ്സ് നിയമത്തിൽ മതിയായ വ്യവസ്ഥകളുണ്ട്. അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടിക യെടുക്കാറുണ്ട്.

(ഡി) അനിവാര്യമായ സാഹചര്യങ്ങളിൽ അത്തരം നടപടികൾ സ്വീകരിക്കാറുണ്ട്.

21 (309) കെ.എസ്.എഫ്.ഇ.യിലെ നിയമനങ്ങൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. യിൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പി. എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടത്തിയിട്ടു ണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ബ്രാഞ്ചുകളിൽ നിന്നും റിപ്പോർട്ടു ചെയ്തിട്ടുള്ള മുഴു വൻ ഒഴിവുകളും പി.എസ്.സി.യ്ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര ഒഴിവുകൾ ഇനിയും റിപ്പോർട്ടു ചെയ്യാനു ണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ. യിൽ ഒഴിവുവരുന്ന തസ്തികകളെ സംബ ന്ധിച്ച് നിർണ്ണയം നടത്താറുണ്ടോ; എങ്കിൽ ഏതൊക്കെ നിലവാരത്തിൽ വർഷ ത്തിൽ എത്ര പ്രാവശ്യം എന്ന് വ്യക്തമാക്കാമോ;

(ഇ) തസ്തിക നിർണ്ണയം നടത്തിയതിന്റെ ഭാഗമായി കണ്ടെത്തിയി ട്ടുള്ള ഒഴിവുകൾ മുഴുവനും പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(എഫ്)ഇല്ലെങ്കിൽ റിപ്പോർട്ടു ചെയ്യാത്ത ഒഴിവുകൾ എത്രയാണെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ജി) 1999 ഒക്ടോബർ മാസം എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടു ണ്ടെന്നും അതിൻപ്രകാരം നടത്തിയ നിയമനത്തിൽ എത്ര എൻ.ജെ.ഡി. ഒഴി വുകൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(എച്ച്) എൻ.ജെ.ഡി. ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ടു ചെയ്തി ട്ടുണ്ടോ; അവ എപ്പോഴാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) 1999 നവംബർ മാസത്തിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളത്;

(ജെ) 1999 സെപ്തംബർ മാസം നടന്ന തസ്തിക നിർണ്ണയത്തിൽ കണ്ടെത്തിയ മുഴുവൻ ഒഴിവുകളും യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യാത്തതുമൂലമാണ് റാങ്ക് ലിസ്റ്റിൽ കാലാവധി അവസാനിക്കുന്നതിനു മുൻപു തന്നെ മുഴുവൻ എൻ.ജെ.ഡി. ഒഴിവുകളും റിപ്പോർട്ടു ചെയ്യാൻ സാധിക്കാതെ പോയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉത്തരം

(എ) 1136 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കെ.എസ്.എഫ്.ഇ.യിൽ ഒഴിവുവരുന്ന തസ്തികകളെക്കുറിച്ച് നിർണ്ണയം നടത്തുന്നത് മാർച്ച് 31 ലെയും സെപ്തംബർ 30 ലെയും ബിസിനസ് റിവ്യൂ അനുസരിച്ച് സ്റ്റാഫ് നോംസ് പ്രകാരം വർഷത്തിൽ രണ്ടു പ്രാവശ്യം ആണ്.

(ഇ) ഉണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) 1999 ഒക്ടോബർ മാസത്തിൽ ഒഴിവുകളൊന്നും റിപ്പോർട്ടു ചെയ്തിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) 1999 നവംബർ മാസത്തിൽ 185 ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ജെ) 1999 സെപ്തംബർ മാസം നടത്തിയ തസ്തിക നിർണ്ണയത്തിൽ കണ്ടെത്തിയ മുഴുവൻ ഒഴിവുകളും യഥാസമയം പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

22 (310) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തന രീതി ഇടപാടുകാരായ വ്യാപാരി-വ്യവസായികൾക്ക് ദ്രോഹകരമാകുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെക്കുറിച്ച് പരിശോധിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് സഹായകരമായ രീതിയിൽ ഈ സ്ഥാപനത്തെ പ്രയോജനപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly